ഫണ്ടിൽ നിന്നും 35 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ദേശീയപാത 66-ലെ ഒറ്റത്തെങ്ങിൽ നാശനഷ്ടം സംഭവിച്ച ഓടയുടെ പുനർനിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് ഉടൻതന്നെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കി പദ്ധതി നടപ്പാക്കിവരുന്നു. കിഫ്ബി വിഭാഗത്തിനുകീഴിൽ കനോലി കനാലിന് കുറുകെയുള്ള ചിങ്ങനാട്ടുകടവ് പാലത്തിന് 40 കോടി രൂപയ്ക്ക് ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. 30.77 കോടി രൂപയുടെ സാമ്പത്തികാനുമതിയും അനുവദിച്ചിട്ടുണ്ട്. അലൈൻമെന്റ് മോഡിഫൈ ചെയ്യുന്നതിനായി നടത്തേണ്ട ടോട്ടൽ സ്റ്റേഷൻ സർവ്വേയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. സാമ്പത്തികാനുമതിക്കും ഡീറ്റെയിൽഡ് അപ്രൈസൽ റിപ്പോർട്ടിനും അനുസൃതമായ TS എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകുന്ന നടപടി സ്വീകരിച്ചു വരുന്നു. ടി പ്രവൃത്തിക്ക് 12-2-2021-ൽ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. നിരത്ത് വിഭാഗത്തിനുകീഴിൽ പലതവണ ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. നിരത്ത്-കെട്ടിട വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ആലപ്പുഴ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

9(619) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിവരം പൊതുമരാമത്ത് കെട്ടിടം, റോഡ്, പാലങ്ങൾ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) കെ.ആർ.എഫ്.ബി. ഫണ്ടിംഗ് ഏജൻസിയായി നിലകൊണ്ട് ആലപ്പുഴ നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന പ്രവൃത്തികൾ ആലപ്പുഴ നഗരപാതാ വികസന പദ്ധതിയുടെ ഒന്നാം ഘട്ടം, മുപ്പാലം ബ്രിഡ്ജ് എന്നിവയാണ്. പാലം വിഭാഗത്തിനുകീഴിൽ വാഴക്കടം പാലത്തിന്റെ ബീമുകളുടെയും സ്ലാബുകളുടെയും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ശവക്കോട്ട പാലത്തിന്റെ ബീം കോൺക്രീറ്റ് പൂർത്തിയായി. സ്ലാബിന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിരത്ത്, കെട്ടിടം, കിഫ്ബി വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly